©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ഒക്ടോബർ 24
24th October 2025
1201 തുലാം 7
7th Thulam 1201
1947 കാർത്തികം 2
2nd Karthika 1947

നമ്പർ
No.
3748

1961- ലെ കേരള സർവെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരമുള്ള പരസ്യം

L2-13/2023

2025 ഒക്ടോബർ 03

ഇടുക്കി ജില്ലയിലെ കൊച്ചി-മൂന്നാർ (NH-85) റോഡ് വികസനവുമായി ബന്ധപ്പെട്ട ടോൾ പ്ലാസ നിർമിക്കുന്നതിന് ദേവികുളം താലൂക്കിൽ, പള്ളിവാസൽ വില്ലേജിൽ 0.900923 ഹെക്ടർ ഭൂമി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏറ്റെടുക്കുന്നതിനായി സർക്കാർ അനുമതി ലഭിക്കുകയും ഇടുക്കി ജില്ലയിലെ, ദേവികുളം താലൂക്കിലെ പള്ളിവാസൽ വില്ലേജിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഇതോടൊപ്പം ഉള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി സർവ്വേ നടത്തണമെന്ന് സർക്കാർ നിർദേശിച്ചിരിക്കുന്നതിനാൽ താഴേ പറയുന്ന വില്ലേജിൽ സർവ്വേ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും സർവ്വേ നമ്പർ അതിർത്തി തിരിച്ചു സർവ്വേ ചെയ്യുന്നതാണെന്നും 1961-ലെ കേരള സർവേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴേ പറയുന്ന ഭൂമിയുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്തു ജോലി ചെയ്യുന്ന സർവെയുരുടെ അടുത്ത് ഹാജരാക്കുന്നതിനും അതിരുകൾ കാണിച്ചു കൊടുക്കുന്നതിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും, അതതു സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2)-ആം വകുപ്പ് പ്രകാരം ഈ പരസ്യം താഴേ പറയുന്ന ഭൂമിയിൽ അവകാശ ബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസ് ആയി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3)-ആം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും;

(എ) സർവ്വേ ചെയ്യുന്നതിന് വേണ്ടി നിർമാർജനം ചെയ്യേണ്ട ആവശ്യമുണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുറ്റികാടുകളോ വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചു കളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റു രൈഖകളോ വെടിപ്പാക്കണമെന്നും;

(ബി) കൊടിപിടിക്കുന്നവരേയും ചെയിൻമാൻമാരേയും നിയോഗിച്ചു അതത് സമയം ആവശ്യമായേക്കാവുന്ന സമയത്തെയും കാലത്തെയും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും;

(സി) അനുയോജ്യമായ സർവ്വേ അടയാളങ്ങൾ നൽകണമെന്നും മറ്റു പ്രകാരത്തിൽ പ്രസ്തുത ആക്ടോ അപ്രകാരമുണ്ടായിട്ടുള്ള ചട്ടങ്ങളോ അനുസരിച് നൽകണമെന്നും ഇതിനാൽ ആവശ്യപെടുന്നു.

മേല്പറഞ്ഞ (എ) മുതൽ (സി) വരെ ഉള്ള ഖണ്ഡങ്ങൾ പ്രകാരം ഉള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച്ച വരുത്തുകയാണെങ്കിൽ ടി ജോലി കൂലിപ്പണിക്കാരെ കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആകിലും അപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂമിയുടെ വിശദവിവരങ്ങൾ

ജില്ല—ഇടുക്കി *താലൂക്ക്*—ദേവികുളം

വില്ലേജ്—പള്ളിവാസൽ *ബ്ലോക്ക് നമ്പർ*—1

(1) സർവ്വേ നമ്പർ—51 മുൻ സർവ്വേ നമ്പർ—5-1, 1-8, 5-4

(2) സർവ്വേ നമ്പർ—56 മുൻ സർവ്വേ നമ്പർ—1-6, 10-1, 11-1

(ഒപ്പ്)

സ്പെഷ്യൽ തഹസിൽദാർ,

എൽ എ (എൻ എച്ച്)

ഇടുക്കി

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.24 05:48:26 +05:30